LIBRARY ARCHIVES Kerala Legislative Assembly

എടുത്തിട്ടുള്ള 8 അച്ചടക്ക നടപടികളിലായി 6 വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിത ഫലത്തോടെയും 8 വാർഷിക വർദ്ധനവുകൾ സഞ്ചിത ഫലമില്ലാതെയും തടയുകയും 2 തവണ താക്കീത് നൽകുകയും ചെയ്തിട്ടുണ്ട്. 2014 സെലക്ഷൻ വർഷത്തിൽ പ്രൊമോഷൻ മുഖേന ഐ.എ.എസ്. ലഭിക്കാൻ ഡെപ്യൂട്ടി കളക്ടർ തസ്തികയിൽ 8 വർഷം പൂർത്തിയാക്കിയത് ശ്രീ. കെ. വി. മുരളീധരൻ മാത്രമേയുള്ളുവെങ്കിലും ടിയാനെതിരെ 22-7-2013 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 4167/2013/റവ പ്രകാരം ചുമത്തിയ അച്ചടക്ക നടപടിയുടെ ശിക്ഷാകാലാവധി 21-7-2015 തീയതിയിൽ മാത്രമേ തീരുകയുള്ള എന്നതിനാൽ ഇന്റഗ്രിറ്റി സർട്ടിഫിക്കറ്റ് തടഞ്ഞുകൊണ്ടുള്ള 2014 സെലക്ഷൻ വർഷത്തിലെ ഐ.എ.എസ്. പ്രൊമോഷൻ സംബന്ധിച്ച ശുപാർശ പൊതുഭരണ (സ്പെഷ്യൽ-എ) വകുപ്പിന് നൽകിയിട്ടുണ്ട്. ടിയാനെതിരെ കഴിഞ്ഞ നിരവധി വർഷങ്ങളായി നിലനിന്നിരുന്ന അച്ചടക്ക നടപടികളുടെ ഫലമായാണ് ഇന്റഗ്രിറ്റി സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കാത്തത്.

ജനന രജിസ്ട്രേഷൻ സാധൂകരണത്തിനുള്ള ശ്രീമതി കദീജയുടെ അപേക്ഷ

114 (5196) ശ്രീ. കെ. മുഹമ്മുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനനം വൈകി രജിസ്റ്റർ ചെയ്തത് സാധൂകരിക്കുന്നതിനുവേണ്ടി കുട്ടിയുടെ മാതാവ് ശ്രീമതി കദീജ പി. വളനാട് ഹൗസ്, ആൽപ്പറമ്പ്, മലപ്പുറം ജില്ലാ സമർപ്പിച്ച അപേക്ഷയിന്മേൽ തിരൂർ ആർ.ഡി.ഒ. ഓഫീസിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(ബി) ഇതു സംബന്ധമായ 2213/14 തിരൂർ റവന്യൂ ഡിവിഷൻ ഓഫീസിൽ 6-6-2014-ന് നടന്ന ഹിയറിംഗിന് ശേഷവും സർട്ടിഫിക്കറ്റ് നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ ; സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെങ്കിൽ എന്ന് നൽകി ; വിശദമാക്കുമോ ;

(സി) ഇത്തരം വിഷയങ്ങളിൽ സാധാരണക്കാരന് വേഗത്തിൽ പരിഹാരം ഉണ്ടാക്കുവാനും കാലവിളംബത്തിന്റെ കാരണം കൃത്യമായി ബോധിപ്പിക്കുവാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ശ്രീമതി കദീജ. പി. വളനാട് ഹൗസ് എന്നവർ ജനനം വൈകി രജിസ്റ്റർ ചെയ്യുന്നതിന് അനുമതിയ്ക്കായി തിരൂർ ആർ.ഡി.ഒ. ഓഫീസിൽ സമർപ്പിച്ച അപേക്ഷയിൽ 6-6-2014-ന് വിചാരണ നടത്തിയിരുന്നുവെങ്കിലും

അപേക്ഷയിൽ ന്യൂനതകൾ ഉണ്ടായിരുന്നതിനാൽ ആയത് പരിഹരിക്കുന്നതിനായി മുളവല്ലൂർ വില്ലേജ് ഓഫീസർക്ക് ടി അപേക്ഷ തിരികെ അയച്ചിരുന്നു. പ്രസ്തുത അപേക്ഷ ന്യൂനത പരിഹരിച്ച് തിരൂർ ആർ.ഡി.ഒ. ഓഫീസിൽ തിരികെ ലഭിച്ചശേഷം തുടർ നടപടികൾ സ്വീകരിച്ച് ജന്മനം വൈകി രജിസ്റ്റർ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് തിരൂർ ആർ.ഡി.ഒ. ഓഫീസിൽ നിന്ന് 6-6-2015 തീയതിയിൽ നൽകിയിട്ടുണ്ട്.

(സി) ഇത്തരം വിഷയങ്ങളിൽ ബോധപൂർവ്വമായ കാലവിളംബം ഉണ്ടാകുന്നില്ല. നിയമപരമായി പാലിക്കേണ്ട കാര്യങ്ങൾ ചെയ്യുമ്പോൾ ഉണ്ടാകുന്ന കാലതാമസം മാത്രമേ ഇത്തരം സംഗതികളിൽ ഉണ്ടാകാറുള്ളൂ.

ഭൂമി തട്ടിപ്പ് കേസുകൾ

115 (5197) ശ്രീ. എം. എ. ബേബി :

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :

ശ്രീ. എളമരം കരീം :

ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചട്ടവിരുദ്ധമായ ഭൂമി ഇടപാടുകളുമായി ബന്ധപ്പെട്ട കേസ്സുകൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചട്ടവിരുദ്ധമായി ഭൂമി ഇടപാടിന് കൂട്ടുനിന്നതിന്റെ പേരിൽ ലാന്റ് റവന്യൂ കമ്മീഷണറായിരുന്ന ആൾ തന്നെ ചോദ്യം ചെയ്യപ്പെടുകയുണ്ടായിട്ടുണ്ടോ ; എങ്കിൽ ഏതു കേസിൽ ;

(സി) കളമശ്ശേരി ഭൂമിതട്ടിപ്പ് കേസിൽ മുൻ ലാന്റ് റവന്യൂ കമ്മീഷണർ ഗൂഢാലോചനയിൽ പങ്കെടുത്തതായി ഏതെങ്കിലും അന്വേഷണ ഏജൻസി കണ്ടെത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഭൂമി ഇടപാടുകളിലെ കെടുകാര്യസ്ഥതയും തട്ടിപ്പും ഇല്ലാതാക്കാൻ നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly